# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കേരള കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും ജനറൽ വിഭാഗത്തിലെ മൂന്ന് അംഗങ്ങളും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു അംഗവും ഉൾപ്പെടെ നാല് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

[(1971 -ലെ കേരള കാർഷിക സർവ്വകലാശാലാ ആക്ടിന്റെ 10 -ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (1)-ാം ഇനം അനുസരിച്ച്)]

### വിജ്ഞാപനം

നമ്പർ:1916/ലെജിൻ.1/2023/നി. സെ. തിരുവനന്തപുരം, 2023 ഏപ്രിൽ 27.

1971-ലെ 33-ാം നമ്പർ ആക്ടായ 1971 -ലെ കേരള കാർഷിക സർവ്വകലാശാലാ ആക്ടിലെ 10-ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന കീഴിലെ (1)-ാം ഇനവും കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ അധികാര സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടിന്റെ 3-ാം ഖണ്ഡിക (2) ബി ഉപഖണ്ഡികയും ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽ നിന്നും കേരള കാർഷിക സർവ്വകലാശാലാ ജനറൽ കൗൺസിലിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേർ ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. കേരള കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലേക്ക് ജനറൽ വിഭാഗത്തിൽ നിന്നും മൂന്ന് അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഒരു അംഗവും ഉൾപ്പെടെ നാല് അംഗങ്ങളെ ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തെരഞ്ഞെടുക്കുന്നതിനായി കേരള നിയമസഭാ സാമാജികരിൽ നിന്ന് തെരഞ്ഞെടുപ്പ് (ഇരു വിഭാഗങ്ങളിലേക്കും) നടത്തുന്നതാണ്.
2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2023 മെയ് മാസം 12-ാം തീയതി വെള്ളിയാഴ്ചയ്ക്കുപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു അവധി ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2023 മെയ് മാസം 15-ാം തീയതി തിങ്കളാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്ന് വൈകുന്നേരം 4 മണിക്ക് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2023 മെയ് മാസം 20-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2023 മെയ് മാസം 22-ാം തീയതി തിങ്കളാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2023 ജൂൺ മാസം 01-ാം തീയതി വ്യാഴാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും 2023 ജൂൺ മാസം 15-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും 2023 ജൂൺ മാസം 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

എ.എം. ബഷീർ,
വരണാധികാരി &
സെക്രട്ടറി, കേരള നിയമസഭ